ഭരണഭാഷ മാതൃഭാഷ

നമ്പർ TRY/2399/2020-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
30/09/2020

**സർക്കുലർ നം.12/2020**

സർ,

വിഷയം:- ട്രഷറി സേവിങ്സ് ബാങ്ക് - STSB/TPA/LGTSB/SSPA ചെക്കുകൾ ഓൺലൈനായി ട്രഷറിയിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 24.11.2017 ലെ നം.83/2017/ ധന. സർക്കുലർ.
2. സ.ഉ.(അച്ചടി)നം. 127/2020/ധന. തിയതി 28.09.2020.

സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ട്രഷറി അക്കൗണ്ടുകളിലെയും ഇടപാടുകളിൽ സുരക്ഷാ ഉറപ്പ് വരുത്താനും അക്കൗണ്ട് ഹോൾഡറുടെ നടപടിക്രമമില്ലാതെ തുക പിൻവലിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുമായി സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് (STSB), ട്രഷറി പബ്ലിക് അക്കൗണ്ട് (TPA), ലോക്കൽ ഗവൺമെന്റ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് (LGTSB), സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ട് (SSPA) എന്നീ അക്കൗണ്ടുകളിലെ എല്ലാ പിൻവലിക്കലുകൾക്കും സൂചന (1) പ്രകാരമുള്ള നിബന്ധനകൾ, 01.10.2020 മുതൽ പ്രാബല്യത്തിൽ വരുത്തി സൂചന (2) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. 01/10/2020-മുതൽ സൂചന രണ്ടിലെ സർക്കാർ ഉത്തരവ് പാലിച്ചു മാത്രമേ ട്രഷറികൾ മേൽ പരാമർശിത അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താൻ പാടുള്ളു. ഈ വിഷയത്തിൽ അക്കൗണ്ട് അഡ്മിനിസ്ട്രേറ്റർമാരുടെ സംശയങ്ങൾ ട്രഷറികൾ ദുരീകരിച്ചുനൽകേണ്ടതും WAMS മുഖേന ചെക്കുകൾ സമർപ്പിക്കുന്നതിനുള്ള എല്ലാ സഹായങ്ങളും നൽകേണ്ടതുമാണ്.

WAMS/BIMS-ലൂടെ തയ്യാറാക്കുന്ന നടപടിക്രമവും ബെനിഫിഷ്യറി ലിസ്റ്റും ഓൺലൈൻ മുഖേന ട്രഷറിയിൽ ലഭിച്ചാൽ മാത്രമേ മേൽ സൂചിപ്പിച്ച അക്കൗണ്ടുകളിലെ ചെക്കുകൾ പാസ്സാക്കി നൽകുവാൻ പാടുള്ളു . ചെക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് ആവശ്യമായ WAMS ലോഗിൻ ക്രെഡൻഷ്യലുകൾ ലഭിക്കാത്ത അക്കൗണ്ട് ഹോൾഡർമാർക്ക് ആയത് നൽകുന്നതിനായി **ട്രഷറി അക്കൗണ്ട് നമ്പർ, സ്ഥാപനത്തിന്റെ പേര് , അക്കൗണ്ട് ഉടമയുടെ ഡെസിഗ്നേഷൻ, ഫോൺ നമ്പർ, സ്ഥാപനത്തിന്റെ ഇ-മെയിൽ ഐ.ഡി.** എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ അക്കൗണ്ട് ഉടമയുടെ അപേക്ഷ , ജില്ലാ/സബ് ട്രഷറി ഓഫീസറുടെ ശുപാർശ കത്ത് സഹിതം bams.keralatreasury@gmail.com എന്ന മെയിൽ ഐ.ഡി-യിൽ ലഭ്യമാക്കേണ്ടതാണ്.

**A M JAFAR**
**DIRECTOR**

സ്വീകർത്താവ്,

**All Regional Deputy Directors**
**All District Treasury / Sub Treasury Offices**

**||Forwarded / By Order||**

**||Senior Superintendent||**